"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് കുമാരി.ബെറ്റ്സി കെ.ബി യ്ക്ക് ഡി.എൽ.എഡ് കോഴ്സ് പൂർത്തിയാക്കുന്നതിനായി 10.11.2020 മുതൽ 31.08.2021 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1557/2026/LSGD തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:-

1 ശ്രീമതി.ബെറ്റ്സി കെ.ബിയുടെ 30/12/2020, 29/03/2021, 23/06/2021 തീയതികളിലെ അവധി അപേക്ഷകൾ

2. തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറുടെ 16/08/2022 തീയതിയിലെ DUA/6567/2022-E9 നമ്പർ കത്ത്.

3. 31/05/2024 തീയതിയിലെ EU3/216/2022/LSGD നമ്പർ സർക്കാർ കത്ത്.

4 ശ്രീമതി.ബെറ്റ്സി കെ.ബിയുടെ 06/03/2026 തീയതിയിലെ അവധി അപേക്ഷ

5 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08/05/2026 തീയതിയിലെ LSGD/PD/8344/2023-DEF3 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 10.11.2020 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ബെറ്റ്സി കെ.ബി.യ്ക്ക് തൃശ്ശൂർ ഡയറ്റിലെ ഡി.എൽ.എഡ് നാലാം സെമസ്റ്റർ കോഴ്സും പരീക്ഷകളും പൂർത്തിയാക്കുന്നതിനായി 04.01.2021 മുതൽ 31.08.2021 വരെ 240 ദിവസത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്ന വിഷയത്തിൽ കുമാരി.ബെറ്റ്സി കെ.ബിയുടെ പരാമർശം(1) പ്രകാരമുള്ള അവധി അപേക്ഷകളും അനുബന്ധരേഖകളും തുടർനടപടികൾ സ്വീകരിക്കണമെന്ന ശിപാർശയോടെ , തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

2.ടിയാരി 10.11.2020 ന് തൃശ്ശൂർ കോർപ്പറേഷനിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും 03.01.2021 വരെ ജോലിയിൽ തുടരുകയും ചെയ്തിരുന്നുവെന്നും ടി കാലയളവിൽ (10.11.2020 മുതൽ 03.01.2021 വരെ) ഓൺലൈനായി ക്ലാസുകൾ നടത്തിയിരുന്നതിനാൽ, ജോലി ചെയ്തുകൊണ്ട് ക്ലാസുകൾ അറ്റൻഡന്റ് ചെയ്യുന്നതിന് ടിയാരിക്ക് സാധിച്ചിരുന്നുവെന്നും തുടർന്ന് ഓഫ് ലൈൻ ക്ലാസുകൾ ആരംഭിച്ചതിനാൽ 04.01.2021 മുതൽ 31.03.2021 വരെ അവധി അനുവദിക്കുന്നതിനായി ടിയാരി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കോവിഡ് സാഹചര്യത്തിൽ ടി കോഴ്സ് നീണ്ടു പോയതിനാലാണ് 01.04.2021 മുതൽ 28.06.2021 വരെയും, 29.06.2021 മുതൽ 31.08.2021 വരെയും അനുബന്ധം XII B പ്രകാരം ശൂന്യവേതന അവധി അനുവദിക്കുന്നതിനായി ടിയാരി അപേക്ഷിച്ചിട്ടുള്ളതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ അറിയിച്ചിരുന്നു.

3.ഔദ്യോഗിക കൃത്യനിർവ്വഹണത്തോടൊപ്പം റഗുലർ ഫുൾ-ടൈം കോഴ്സ് ഓൺലൈൻ ആയാലും

ജോലിയോടോപ്പം നിർവ്വഹിച്ചത് ക്രമപ്രകാരമല്ല എന്നതിനാൽ അപേക്ഷയ്ക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതും അച്ചടക്ക നടപടികൾ ചട്ട പ്രകാരം തീർപ്പാക്കി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ്, 10.11.2020 മുതൽ 03.01.2021 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനായുള്ള അവധി അപേക്ഷ എന്നിവ സഹിതം ലഭ്യമാക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് പരാമർശം (3) കത്ത് പ്രകാരം നിർദേശം നൽകിയിരുന്നു.

4.ശ്രീമതി.ബെറ്റ്സി കെ.ബി യ്ക്ക് കെ എസ് ആർ ഭാഗം 1 അനുബന്ധം XII B പ്രകാരം 10/11/2020 മുതൽ 03/01/2021 വരെ പഠനാവധി അനുവദിക്കുന്നതിനുള്ള പരാമർശം (4) പ്രകാരമുള്ള അവധി അപേക്ഷയും അനുബന്ധരേഖകളും പരാമർശം (5) കത്ത് മുഖാന്തിരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അനുകൂല ശിപാർശയോടെ ലഭ്യമാക്കിയിരുന്നു. ശ്രീമതി ബെറ്റ്സി കെ ബി യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും നടപടിക്രമം പൂർത്തിയാക്കി ടിയാളുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞ് അച്ചടക്കനടപടി തീർപ്പുകൽപ്പിച്ച് ഉത്തരവായിട്ടുള്ളതാണ് എന്നും ശ്രീമതി ബെറ്റ്സി കെ ബി ടി കാലയളവിൽ ശമ്പളയിനത്തിൽ കൈപ്പറ്റിയ തുക തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കാര്യാലയത്തിൽ തിരികെ അടവാക്കിയിട്ടുള്ളതാണ് എന്ന വിവരവും അറിയിച്ചിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോദിച്ചു. അപേക്ഷകക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിയ സാഹചര്യത്തിൽ, ശ്രീമതി ബെറ്റ്സി കെ ബി-യുടെ 10/11/2020 മുതൽ 31/08/2021 വരെയുള്ള കാലയളവ്, ടിയാൾ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ മുൻകാല സേവനം നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ നഗരസഭ
ശ്രീമതി.ബെറ്റ്സി കെ.ബി,ഓഫീസ് അറ്റൻഡന്റ്,തൃശ്ശൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(EU3/216/2022-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 20-08-2026
10:16:33
സെക്ഷൻ ഓഫീസർ